(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി ഇത്തരത്തിൽ അമിതവിലയും ദൗർലഭ്യവും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നതിൽ നിലപാട് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ഉത്തരവുകൾ കാരണം നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, മണൽ എന്നിവയുടെ ഖനനാനുമതി പുതുക്കി നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോ ബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 4-3-2014-ലെ സ.ഉ.(എംഎസ്.) 38/14/വ്യവ. പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിഡ്കോ അസംസ്കൃത വിപണന വിഭാഗം മുൻകൈയെടുത്ത് സിമന്റ്, കമ്പി, തുടങ്ങിയ സാമഗ്രികൾ ന്യായവിലയ്ക്ക് വിതരണം ചെയ്തു വരുന്നു.

(സി) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ആവശ്യക്കാരുടെ വർദ്ധനവും അമിതോപയോഗവും ഇവയുടെ ദൗർലഭ്യത്തിനും അമിതവിലയ്ക്കും കാരണമാകുന്നുണ്ട്.

ഖനന ചട്ടങ്ങളും പരിസ്ഥിതി ആഘാതവും

18 (T** 48) ശ്രീ. കെ. അജിത് :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിക്ക് എത്ര മാറ്റമുണ്ടാകും എന്നറിയാനുള്ള പഠനം നടത്തിയ ശേഷമേ പാറയും മണ്ണും മറ്റു ചെറുകിട ധാതുക്കളും ഖനനം ചെയ്യാവൂ എന്ന സുപ്രീം കോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015 ജനുവരി 9-ന മുമ്പ് ഖനനാനുമതി നേടിയവരുടെയും പുതുക്കുന്നവരുടെയും കാര്യത്തിൽ പഠനം നടത്തേണ്ടതില്ലെന്ന് കേരളത്തിന്റെ പുതിയ ഖനന ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഖനന ചട്ടത്തിലെ ഈ പുതിയ നിർദ്ദേശങ്ങൾമൂലം പരിസ്ഥിതി പഠനം നടത്താതെയുള്ള ഖനനം ഉണ്ടാക്കുന്ന പരിസ്ഥിതി ആഘാതങ്ങളെ എങ്ങനെ നേരിടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) 2015 ജനുവരി 9-നുമുമ്പ് ഖനന പെർമിറ്റ് നേടിയവർക്ക് പ്രസ്തുത പെർമിറ്റ് പുതുക്കുന്ന കാര്യത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതില്ലെന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർക്ക് മൈനിംഗ് പ്ലാൻ സമർപ്പിക്കാൻ 1-4-2016-വരെ സാവകാശവും നൽകിയിട്ടുണ്ട്.

(സി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം 9-1-2015-ൽ സാധുവായ ഖനന പെർമിറ്റുകൾ പുതുക്കി നൽകുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ഈ ക്വാറികൾ എല്ലാം തന്നെ 1-4-2016-നുമുമ്പ് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന വിശദമായ ഒരു മൈനിംഗ് പ്ലാൻ അംഗീകരിച്ച് സമർപ്പിക്കണം എന്നും ആ പ്ലാൻ അംഗീകരിച്ചിരിക്കുന്ന പ്രകാരം ക്വാറിയിംഗ് നടത്തണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അദ്ധ്യായം VI-ൽ 53 മുതൽ 77 വരെയുള്ള ചട്ടങ്ങളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്ന കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അനുമതി കൂടി ഉണ്ടെങ്കിൽ മാത്രമെ ഖനനാനുമതി നൽകുകയുള്ളൂ. സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉൾപ്പെടെ 123 വില്ലേജുകളിൽ പുതിയ ഖനനാനുമതികൾ നൽകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly